# പതിമൂന്നാം കേരള നിയമസഭ
## പതിനാറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ :2675 19.02.2016 ൽ മറുപടി നൽകേണ്ടിയിരുന്നത്

**'ഭൂരഹിതരില്ലാത്ത കേരളം'**

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.എ.കെ.ബാലൻ | ശ്രീ.അടൂർ പ്രകാശ്<br>(റവന്യൂവും കയറും വകുപ്പ് മന്ത്രി) |

| | | |
|---|---|---|
| (എ) | 'ഭൂരഹിതരില്ലാത്ത കേരളം' പദ്ധതി പ്രകാരം എത്ര പേർക്ക് ഇതുവരെ ഭൂമി വിതരണം ചെയ്തിട്ടുണ്ട് ; സ്ഥലം, ഗുണഭോക്താക്കളുടെ എണ്ണം, നൽകിയ ഭൂമിയുടെ അളവ്, ഭൂമി നൽകിയ വർഷം എന്നിവ ജില്ല തിരിച്ച് ലഭ്യമാക്കുമോ ; | ഭൂരഹിതരില്ലാത്ത കേരളം പദ്ധതി പ്രകാരം സംസ്ഥാനത്ത് നാളിതുവരെയായി 43,437 ഗുണഭോക്താക്കൾക്ക് ഭൂമി അനുവദിച്ചിട്ടുണ്ട്. ഗുണഭോക്താക്കളുടെ എണ്ണം, അനുവദിച്ച ഭൂമിയുടെ അളവ്, അനുവദിച്ച വർഷം എന്നിവ ജില്ല തിരിച്ച് അനുബന്ധമായി ചേർത്തിട്ടുണ്ട്. |
| (ബി) | ഗുണഭോക്താക്കൾക്ക് അനുവദിച്ച ഭൂമിയിൽ സർവ്വേ നടത്തി ഭൂമി അളന്നു തിരിച്ച് എത്ര പേർക്ക് നൽകി ; സ്ഥലം, ഗുണഭോക്താക്കളുടെ എണ്ണം എന്നിവ ജില്ല തിരിച്ച് ലഭ്യമാക്കുമോ ; | വീട് വയ്ക്കാൻ അനുയോജ്യമായതും ഭൂമി പതിവ് ചട്ടങ്ങൾ പ്രകാരം പതിച്ചുകൊടുക്കാൻ കഴിയുന്നതുമായ ഭൂമിയാണ് ഭൂരഹിതരില്ലാത്ത കേരളം പദ്ധതിക്ക് ഉപയോഗപ്പെടുത്തുന്നത്. ഭൂമി പതിവ് ചട്ടങ്ങൾ പ്രകാരമുള്ള നടപടികളുടെ ഭാഗമായി സർവ്വെ ചെയ്ത് റിക്കാർഡുകൾ തയ്യാറാക്കി പ്ലോട്ട് തിരിച്ചാണ് ഗുണഭോക്താക്കൾക്ക് നൽകുന്നത്. പട്ടയം അനുവദിച്ചതിൽ കോടതി കേസുകൾ, മറ്റ് തർക്കങ്ങൾ എന്നിവ ഉണ്ടായവ ഒഴികെയുള്ള മുഴുവൻ ഭൂമിയും കൈമാറിയിട്ടുണ്ട്. തർക്കങ്ങൾ പരിഹരിച്ച് ഭൂമി കൈമാറുന്ന പ്രവർത്തനവും നടന്നു വരുന്നു. നടപടികൾ പൂർത്തിയാകാത്തതിനാൽ ഇത്തരത്തിലുള്ള കേസുകളുടെ കൃത്യമായ എണ്ണം ലഭ്യമാകുന്നില്ല. |

| | | |
|---|---|---|
| (സി) | സർവ്വേ നടത്തി അളന്ന് തിരിച്ച ഭൂമിയിൽ എത്ര പേർക്ക് റൈറ്റിൽ (പ്രമാണം) തയ്യാറാക്കി നൽകി ; സ്ഥലം, ഗുണഭോക്താക്കളുടെ എണ്ണം എന്നിവ ജില്ല തിരിച്ച് ലഭ്യമാക്കുമോ ; | കോടതികേസുകളും തർക്കങ്ങളും ഉണ്ടാകാത്ത കേസുകളിലെല്ലാം പട്ടയം നൽകിയിട്ടുണ്ട്. |
| (ഡി) | സർവ്വേയും നടത്തി റൈറ്റിലും തയ്യാറാക്കി നൽകിയ എത്ര പേർക്ക് പട്ടയം നൽകി ; സ്ഥലം, ഗുണഭോക്താക്കളുടെ എണ്ണം എന്നിവ ജില്ല തിരിച്ച് ലഭ്യമാക്കുമോ ; | 43,437 ഗുണഭോക്താക്കളിൽ കോടതി കേസുകളിൽ ഉൾപ്പെട്ട ചില കേസുകൾ ഒഴികെ ബാക്കിയുള്ളവയ്ക്ക് പട്ടയം വിതരണം ചെയ്തിട്ടുണ്ട്. കോടതി കേസുകളിലും തർക്കങ്ങളിലും പരിഹാര നടപടികൾ സ്വീകരിച്ച് പട്ടയം വിതരണം ചെയ്യാനുള്ള സമയബന്ധിത നടപടികൾ ജില്ലാ കളക്ടർമാരുടെ നേതൃത്വത്തിൽ നടന്നു വരികയാണ്. നടപടികൾ പൂർത്തിയായാൽ മാത്രമേ ഇത്തരത്തിൽ നൽകാൻ കഴിയുന്ന പട്ടയങ്ങളുടെ അന്തിമ എണ്ണം തിട്ടപ്പെടുത്താൻ കഴിയുകയുള്ളു. |
| (ഇ) | ഈ പദ്ധതിയിൽ ഉൾപ്പെടുത്തി വിതരണത്തിന് കണ്ടെത്തിയ ഭൂമി ഗുണഭോക്താക്കൾക്ക് ലഭ്യമാകാതിരുന്ന എത്ര സ്ഥലങ്ങൾ ഉണ്ട് ; സ്ഥലം, നിശ്ചയിച്ച ഗുണഭോക്താക്കളുടെ എണ്ണം, ഭൂമി ലഭ്യമാകാത്തതിനുള്ള കാരണം എന്നിവ ജില്ല തിരിച്ച് ലഭ്യമാക്കുമോ ? | കോടതി കേസുകളിൽ പെട്ടതോ തർക്കങ്ങളിൽ പെട്ടതോ ആയ ഭൂമി മാത്രമാണ് ചില ജില്ലകളിൽ വിതരണം ചെയ്യാൻ ബാക്കി നിൽക്കുന്നത്. തുടർനടപടികൾ സ്വീകരിച്ച് ഇത്തരം ഭൂമി വിട്ടു കൊടുക്കാൻ ജില്ലാ കളക്ടർമാർക്ക് നിർദ്ദേശം നൽകിയതിനെ തുടർന്ന് നടപടികൾ പുരോഗമിച്ചുവരുന്നു. നടപടികൾ പൂർത്തിയാകാത്തതിനാൽ ഇത്തരം കേസുകളുടെ എണ്ണം തിട്ടപ്പെടുത്താൻ കഴിയുന്നില്ല. |

**സെക്ഷൻ ഓഫീസർ**

**അനുബന്ധം**

| ജില്ല | വിതരണം ചെയ്ത പട്ടയങ്ങളുടെ എണ്ണം | അനുവദിച്ച ഭൂമി (ഹെക്ടർ) | അനുവദിച്ച വർഷം |
|---|---|---|---|
| തിരുവനന്തപുരം | 3,181 | 38.6477 | 2013 |
| കൊല്ലം | 683 | 8.2955 | 2013 |
| പത്തനംതിട്ട | 883 | 10.7246 | 2013 & 2015 |
| ആലപ്പുഴ | 256 | 3.1093 | 2013 |
| കോട്ടയം | 1,309 | 15.8987 | 2013 |
| ഇടുക്കി | 8,561 | 103.9797 | 2014 & 2015 |
| എറണാകുളം | 1,449 | 17.5991 | 2013 |
| തൃശ്ശൂർ | 510 | 6.1943 | 2014 |
| പാലക്കാട് | 2,114 | 25.6761 | 2014 |
| മലപ്പുറം | 843 | 10.2388 | 2013 |
| കോഴിക്കോട് | 1,550 | 18.8259 | 2013 |
| വയനാട് | 727 | 8.8299 | 2014 |
| കണ്ണൂർ | 11,100 | 134.8056 | 2013 |
| കാസർഗോഡ് | 10,271 | 124.7489 | 2014 |
| **ആകെ** | **43,437** | **527.5741** | |

സെക്ഷൻ ഓഫീസർ